# കൂട്ടുകൃഷിയും മറ്റു നാടകങ്ങളും

ഡോ. എൻ.ആർ. ഗ്രാമപ്രകാശ്

മലയാള നാടകവേദിയിലെ ഉണർവിന്റെ കാലമായിരുന്നു 1940-കളും അൻപതുകളും - പ്രത്യേകിച്ചും മലബാർ പ്രദേശത്ത്. കേരളത്തിന്റെ രാഷ്ട്രീയ വ്യവസ്ഥയിൽ ആവേശപൂർണമായ അനേകം അധ്യായങ്ങൾ ഇതിനോടകം ആ പ്രദേശത്ത് രചിക്കപ്പെട്ടുകഴിഞ്ഞിരുന്നു. ബ്രിട്ടീഷ് അധീന പ്രദേശമായതുകൊണ്ട് ദേശീയ സ്വാതന്ത്ര്യത്തിനായുള്ള സമരത്തിന്റെ തീജ്വാലകൾ എല്ലാ ഊർജ്ജത്തോടെയും അവിടെ ആളി പടർന്നുകൊണ്ടിരുന്നു. വേറിട്ടൊരു സമരപാതയിലൂടെ കമ്മ്യൂണിസ്റ്റാശയക്കാർ പുതിയ ആശയങ്ങൾക്കായി ജീവൻ ബലിയർപ്പിച്ചും മുന്നേറിക്കൊണ്ടിരുന്നു. സമൂഹത്തിന്റെ അടിത്തട്ടുകളിൽ കഴിഞ്ഞിരുന്ന പണിയാളരിൽ അക്ഷരച്ചൂട്ടു കാണിക്കാനുള്ള ശ്രമവും ഒപ്പം നടന്നു. ഗ്രാമങ്ങളിലെ വായനശാലകളും ക്ലബ്ബുകളും ഈ യുവചേതനയുടെ സാന്നിധ്യത്തിന്റെ അടയാളങ്ങളായി. ബ്രിട്ടീഷ് അടിമച്ചങ്ങല പൊട്ടിച്ചെറിയാനുള്ള സമരത്തിനൊപ്പം പ്രധാനമായിരുന്നു, അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ സാമൂഹിക പരിഷ്കർത്താക്കൾ ഉണർത്തിയ പ്രയത്നങ്ങൾ. വള്ളുവനാട്ടിൽനിന്ന് ഉയർന്നുപൊങ്ങിയ കൊടുങ്കാറ്റിൽ മാറാല കെട്ടിയ പ്രത്യയശാസ്ത്രങ്ങളുടെ എട്ടുകെട്ടുകളും നാലുകെട്ടുകളും വിറകൊണ്ടു. നമ്പൂതിരിയെ മനുഷ്യനാക്കുകയെന്ന മുദ്രാവാക്യം ഒരു ജനത ഒന്നാകെ നെഞ്ചേററി. മനുഷ്യനാവുക, മനുഷ്യത്വമുള്ളവനാവുകയെന്നത് ജാതി, മതവ്യത്യാസമില്ലാതെ ഏററെടുക്കാവുന്ന ആഹ്വാനമായി. മാനവമതത്തിന്റെ ആശയഗതികൾ നൈതികമണ്ഡലത്തിൽ മുഴങ്ങി.

1950-കളിൽ സജീവമായിരുന്ന മലബാർ കേന്ദ്രകലാസമിതിയുടെ മുൻകൈയിൽ വ്യാപകമായ കലാസാംസ്കാരിക പ്രവർത്തനങ്ങളുടെ മുഖ്യ അജണ്ട ഇതു തന്നെയായിരുന്നു - മാനവികത. 'ഇജ്ജ് ഒരു മനുഷ്യനാകാൻ നോക്ക്' എന്നതൊരു നാടകത്തിന്റെ ആഹ്വാനമാകുന്നത് കാലപശ്ചാത്തലത്തിലാണ്. സ്വർഗനരകങ്ങളെക്കുറിച്ചുള്ള മിഥ്യാടനങ്ങൾക്കപ്പുറത്ത് ഭൂമിയിലെ മനുഷ്യരുടെ പച്ചയായ ജീവിതത്തിന്റെ നേരുകൾ തിരിച്ചറിയുന്നതിലെ നിശ്ചദാർഢ്യം 'ഇതു ഭൂമിയാണ്' എന്ന പ്രഖ്യാപനത്തിലുണ്ട് പച്ചമണ്ണിലാണവൻ സ്വർഗം വിളയിക്കേണ്ടത്. അതിനു തടസ്സമാകുന്ന കളകൾ പറിച്ചെറിയുകതന്നെ വേണം. അധ്വാനത്തിന്റെ മഹത്വസങ്കീർത്തനങ്ങളായിരുന്നു അക്കാലത്തെ നാടകങ്ങളിൽ പ്രകടമായിരുന്ന മറെറാരു പ്രമേയം.

രണ്ടാം ലോകമഹായുദ്ധത്തിന്റെ ഗതി ബ്രിട്ടീഷ് മേധാവിത്വത്തിന്റെ പിന്മാറ്റസൂചന നൽകി കഴിഞ്ഞതോടെ നാളത്തെ പ്രഭാതം എങ്ങനെ, ജീവിതം എപ്രകാരം ഇത്യാദികളെക്കുറിച്ചു സ്വപ്നങ്ങൾ അവതരിപ്പിക്കാൻ കവികളും മററ് എഴുത്തുകാരും തുടങ്ങിക്കഴിഞ്ഞു. സ്വതന്ത്രമലയാളത്തിൽ പുലരേണ്ട അഭിലഷണീയ മൂല്യങ്ങളെക്കുറിച്ചുള്ള മുന്നറിവുകളായിരുന്നു അക്കാലത്തെ നാടകങ്ങളെല്ലാം. മതങ്ങൾക്കതീതമായ മാനവഐക്യം, നീതി, പരസ്പര ബഹുമാനം, ഉദാരത എന്നിങ്ങനെ ജനാധിപത്യവാദിയായി പൗരന്റെ മഹനീയഗുണങ്ങൾ മലബാർ നാടകങ്ങൾ വിളംബരം ചെയ്തു. പത്തിനൊമ്പതു ഗ്രാമങ്ങളിലും രൂപംകൊണ്ട കലാസമിതികൾക്ക് സ്വാതന്ത്ര്യലബ്ധി കൂടുതൽ ഊർജമേകി. അന്നത്തെ ആ നാടകസംരംഭങ്ങളിൽ ആദ്യപഥികനാകാനുള്ള ഭാഗ്യം സിദ്ധിച്ചത് ഇടശ്ശേരിയുടെ 'കൂട്ടുകൃഷി'ക്കാണ്.

1949 ആദ്യം പൊന്നാനിയിലെ കൃഷ്ണപ്പണിക്കർ വായനശാലയുടെ വാർഷികോത്സവത്തിൽ അവതരിപ്പിക്കുന്നതിനാണ് ആ നാടകമെഴുതിയത്. പൊന്നാനിയും തൊട്ടുള്ള വന്നേരിയും അന്നേ വലിയ സാംസ്കാരിക കേന്ദ്രങ്ങളായിരുന്നു. രാഷ്ട്രീയപ്രബുദ്ധതയും ഏറും. നാടകകാര്യത്തിലാണെങ്കിൽ ഇതിനും പത്തുവർഷം മുൻപേ 'പാട്ടബാക്കി' ആ പ്രദേശത്ത് അരങ്ങേറിയിരുന്നു. നവോത്ഥാനത്തിന്റെ ഗന്ധമേററു അരങ്ങിലെത്തിയ 'അടുക്കളയിൽനിന്ന് അരങ്ങത്തേയ്ക്ക്', 'മറക്കുടയ്ക്കുള്ളിലെ മഹാനരകം' തുടങ്ങിയ നാടകങ്ങളൊരുക്കിയ സംഘമായിരുന്നു പാട്ടബാക്കിയുടെ പിന്നിൽ. യഥാർഥ നാടകശൈലിയിൽ സാമൂഹികപ്രശ്നങ്ങൾ രംഗത്തെത്തി കഴിഞ്ഞിരുന്നു എന്നർഥം. 'കൂട്ടുകൃഷി'യുടെ ആദ്യാവതരണം അവിടുത്തെ മറ്റൊരു സാംസ്കാരിക സംഭവമായി. പ്രധാനകഥാപാത്രങ്ങളെ അവതരിപ്പിച്ച നടന്മാരിൽ അക്കിത്തവും ഉറൂബും ഉണ്ടായിരുന്നു. കുട്ടികൃഷ്ണമാരാർ, ജോസഫ് മുണ്ടശ്ശേരി, വർഗീസ് കളത്തിൽ തുടങ്ങി പ്രഗൽഭമതികളായ ഒരുകൂട്ടം കലാമജ്ഞരുമുണ്ടായിരുന്നുവെന്ന് നാടകത്തിന്റെ പുസ്തകരൂപത്തിലെഴുതിയ മുഖവുരയിൽ നാടകകൃത്തും അവതാരികയിൽ എൻ.വി. കൃഷ്ണവാരിയരും എഴുതിയിട്ടുണ്ട്. "നാടകശാലയിലെ രംഗമണ്ഡപത്തിനു മുകളിൽ ആവിഷ്കരിക്കപ്പെട്ടപ്പോൾ 'ഇരമ്പിയ' ഒരു കഥയും വായനമുറിയിലിരുന്നു വായിക്കപ്പെടുമ്പോൾ ഉൽകൃഷ്ടമായ കാവ്യാഹ്ലാദം നൽകുന്നൊരു സാഹിത്യഖണ്ഡവും അദ്ദേഹം ഒരുമിച്ച് നിർമിച്ചിരുന്നു" എന്നാണ് എൻ.വി. അഭിപ്രായപ്പെട്ടത്. "The Play can be both literature and theatre not one at the expense of the other but each because of the other" എന്ന പ്രസ്താവത്തെ ശരി വച്ചിരിക്കുന്നു നാട

കത്തിന്റെ പാഠവും അരങ്ങുരൂപവും. ഈ പരസ്പരപൂരകത്വം കൂട്ടുകൃഷിക്ക് എക്കാലവും ഉണ്ടാകുമെന്നു തെളിയിച്ചു അരനൂററാണ്ടിന്നിപ്പുറം, പൊന്നാനിയിലെ പുതുതലമുറ വീണ്ടും കൂട്ടുകൃഷിക്കു നൽകിയ രംഗപാഠം. കഴിഞ്ഞ നൂറ്റാണ്ടവസാനത്തെ പ്രധാന രംഗരചനകളിലൊന്നായി അതു വിലയിരുത്തപ്പെട്ടു; സാഹിത്യചരിത്രം മ്യൂസിയം പേരേടിലെ ഒരിനമല്ല കൂട്ടുകൃഷിയെന്നതു ഘോഷിച്ചു.

'കൂട്ടുകൃഷി'യുടെ ഈ സർവകാലപ്രസക്തിയുടെ കാര്യമെന്തായിരിക്കും? മറെറാന്നുമല്ല. കേരളീയ ജീവിതത്തിന്റെ കാതലിൽ തന്നെയാണ് ആ നാടകം തൊട്ടുനിൽക്കുന്നത്. മനുഷ്യനും മണ്ണും മതവും കൂട്ടുപിണയുന്നിടത്ത് രൂപംകൊള്ളുന്ന സങ്കീർണതകളും പരസ്പരധാരണകളിലൂടെ അവയെ മറികടക്കാനുള്ള വെമ്പലും – അവയുടെ ആന്തരികതയിലാണ് കൂട്ടുകൃഷി നാടകകൃത്ത് നടത്തിയത്. ഹിന്ദുവും മുസൽമാനും ജന്മിയും കുടിയാനും അടിയാളനും എല്ലാവരും ഒരുമിച്ചു നിർവഹിക്കുന്ന ഒരു കർമമായി കൃഷിയെ സ്ഥാപിച്ചെടുക്കാനുള്ള ത്വരയും നാടകത്തിലുണ്ട്. സഹവർത്തിത്വത്തിലൂടെ സമൂഹപരിവർത്തനമെന്ന ഗാന്ധിസത്തിന്റെ ആശയവും സഹകരണാടിസ്ഥാനത്തിലുള്ള കൃഷിയെക്കുറിച്ചു കമ്മ്യൂണിസ്റ്റു ലോകങ്ങളിൽനിന്നുള്ള അറിവും നാടകത്തിന്റെ സൃഷ്ടി പ്രചോദനങ്ങളാണ്. അതിലുപരി, മലബാർ ലഹളയുടെ പശ്ചാത്തലചരിത്രമുള്ള മണ്ണിൽ, ഇന്ത്യാവിഭജനത്തെ തുടർന്നുള്ള വർഗീയ ലഹളയുടെ സമകാലികതയിൽ നാടകമെഴുതാനിരിക്കുന്ന ദീർഘദർശിയായ ഒരെഴുത്തുകാരനെ അലട്ടുന്ന ഇമ്മിണി വല്യ പ്രശ്നം, മതകലഹങ്ങൾ ഇല്ലാത്ത കാലമുണ്ടാകാൻ എന്താ വഴി എന്നതായിരിക്കും. നാടകത്തിന്റെ അവസാനമെത്തുന്നതും ഇത്തരമൊരന്വേഷണത്തിലാണുതാനും. ജന്മി ശ്രീധരൻ നായരും പാട്ടക്കാരൻ അബൂബക്കറും തമ്മിൽ കണ്ടമൊഴിയുന്നതിനെച്ചൊല്ലിയുള്ള തർക്കം വേലു ഇടപെട്ട് രമ്യതയിലാക്കി. തുടർന്നു നായരും മുസ്ലീമും ഈഴവനും ചേർന്നു കൃഷിയിറക്കുന്നു. സാമുദായികമായ എതിർപ്പുകളെ അതിജീവിച്ച അവർക്ക് അക്കൊല്ലം മുൻവർഷത്തെക്കാൾ എത്രയോ ഇരട്ടി വിളവുണ്ടാകുന്നു. കൃഷിക്കായുള്ള യോജിപ്പിന്നിടയിൽ അവർക്കിടയിൽ, മതത്തിനതീതമായ മാനുഷിക ബന്ധങ്ങളുണർന്നു. ഒരുപടി മുന്നോട്ടു പോയി ശ്രീധരൻ നായരുടെ അനുജൻ സുകുമാരനും അബൂബക്കറിന്റെ മകൾ ആയിഷയും പ്രണയബദ്ധരായി. വിളവെടുപ്പിന്റെ ആഹ്ലാദം പങ്കിടുന്നതിനിടെ ഈ പ്രേമത്തെക്കുറിച്ചുള്ള സംഭാഷണഭാഗങ്ങളിലാണ് നാടകത്തിന്റെ ഉള്ളിലിരിപ്പ് വെളിപ്പെടുന്നത് നോക്കുക.

ശ്രീധരൻ: ഈശ്വരാ, അങ്ങയുടെ ഉഭയം. ഞങ്ങളിട്ടിരുന്ന എടവരമ്പൊക്കെ ഞങ്ങൾതന്നെ കൊത്തിയിട്ടു. ആ വരമ്പുകളാണ് കണ്ടത്തിൽ നീരൊഴിക്കില്ലാതാക്കിയത്. ഞങ്ങൾക്കിന്നതു മനസ്സിലായി.

ബാപ്പു: ശ്രീധരൻനായരേ, നിങ്ങൾ മതത്തിന്റെ എടവരമ്പും കൊത്തി. നന്നായി, കൊറച്ചൊക്കെ നീരൊഴുക്കം അവിടെയും ഉണ്ടാവും.

ശ്രീധരൻ: ബാപ്പു, ആ കാര്യത്തിൽ നമ്മൾ വിജയിച്ചു കഴിഞ്ഞില്ല. ഈശ്വരൻ നമ്മളെ അവിടെയും തുണക്കട്ടെ. മതപരമായ വിജ്ഞാനത്തിലും നടപ്പിലും നമ്മൾക്ക് കൂട്ടുകൃഷി വേണം പക്ഷേ, നിലം പാകപ്പെട്ടിട്ടില്ല.

സുകുമാരൻ: കൃഷിക്കാരൻ എറങ്ങിയാൽ ആ നിലവും പാകപ്പെടും.

(ആയിഷ ആശാപൂർവം സുകുമാരനെ നോക്കുന്നു. സുകുമാരൻ ആയിഷയെയും)

ശ്രീധരൻ: കൃഷിക്കാരൻ മാത്രം പോരാ. ദൈവം തന്നെ വേണം. നെലം പാകപ്പെടാൻ കാലവർഷം കാത്തിരിക്കണം. നാം ബദ്ധപ്പാടു കാണിച്ചുകൂടാ (അബൂബക്കറെ നോക്കുന്നു)

അബൂബക്കർ: അതും സരിയാണ് കുട്ട്യോളേ. നമ്മള് കാത്തിരിക്കണം.

ശ്രീധരൻ: നമുക്കു കാക്കാം. ക്ഷമയോടും ഒരുമയോടും കൂടി നമുക്കു കാക്കാം. ഇന്നീ കൂട്ടുകൃഷിയിലുണ്ടായ സമൃദ്ധി പുതിയ തലമുറയെ വിളയിക്കും.

(സുകുമാരനും ആയിഷയും നെടുവീർപ്പിടുന്നു. അവരെ മറ്റുള്ളവർ ഒന്നിച്ചു നോക്കുന്നു. അവർ രണ്ടാളും മുഖം താഴ്ത്തുന്നു)

അബൂബക്കർ: (ആ യുവാവിനെയും മകളെയും മാറി മാറി നോക്കി, ഭക്തിപൂർവം) പടച്ചവനേ, ഇനി ഇതിനെന്താ ബഴി?

(കർട്ടൻ)

ഇങ്ങനെയാണ് കൂട്ടുകൃഷി അവസാനിക്കുന്നത്. മനുഷ്യർ തമ്മിലുള്ള വിട്ടുവീഴ്ചാമനോഭാവം, സഹായസന്നദ്ധത, നിസ്വാർഥത എന്നിങ്ങനെ ഗുണങ്ങളുള്ളവരാകുന്നതിന് കഥാപാത്രങ്ങളെ ഒരു മതങ്ങളും തടയുന്നില്ല. അധ്വാനം അവരെ ഒന്നിപ്പിക്കുന്നു. നാടകീയഭംഗിയുള്ള രംഗങ്ങളിലൂടെ, കഥാപാത്രങ്ങളിലൂടെ ഹൃദയനിശ്വാസങ്ങൾ വെളിപ്പെടുത്തുന്ന സംഭാഷണങ്ങളിലൂടെ ഒരു കവിക്കു കഴിയുന്ന കൈയൊതുക്കത്തോടെ ഇടശ്ശേരി നാടകസന്ദേശം സ്ഥാപിച്ചെടുക്കുന്നതിൽ വിജയിച്ചിരിക്കുന്നു.

ഊഷ്മളമായ മനുഷ്യബന്ധങ്ങളുടെ നിരവധി സന്ദർഭങ്ങൾ നാടകത്തിൽ ചിത്രീകരിച്ചിട്ടുണ്ട്. അവയിൽ ചിലതെല്ലാം വായനക്കാരനെ, പ്രേക്ഷകനെ ഒന്നു വിങ്ങിപ്പൊട്ടാൻ പ്രേരിപ്പിച്ചെന്നുമിരി

ക്കും. കണ്ടത്തിലെ കളപറിക്കാൻ പോകരുതെന്നു പണക്കാരികളെ പോക്കരും നമ്പ്യാരും ചേർന്നു വിലക്കിയതറിഞ്ഞപ്പോൾ ശ്രീധരൻ നായരുടെ അമ്മതന്നെ കണ്ടത്തിലിറങ്ങാൻ സന്നദ്ധയായി വരുമെന്നറിയിക്കുന്ന രംഗം; പോക്കരും ആമീനും വന്നു അബൂബക്കറെ കുടിയൊഴിപ്പിക്കുന്നു. എങ്ങോട്ടു പോകുമെന്നറിയാതെ പരിഭ്രമിച്ചു നിൽക്കെ, ശ്രീധരൻ നായർ വന്ന് അവരെ വീട്ടിലേക്കു കൊണ്ടുപോകുന്നത്, കൊയ്ത്തു കഴിഞ്ഞ് വിള പങ്കുവയ്ക്കുമ്പോൾ പരസ്പരം കാണിക്കുന്ന വിട്ടുവീഴ്ചാമനോഭാവവും ഉദാരതയും തുടങ്ങിയ രംഗങ്ങൾ ഇക്കാലത്തും പ്രേക്ഷകരെ വികാരവിവശരാക്കുന്നുണ്ടെന്നു പുതിയ രംഗപാഠം തെളിയിക്കുന്നു. പ്രണയചിത്രീകരണത്തിലെ ഗ്രാമീണമായ നൂനതയും എടുത്തുപറയേണ്ടതുണ്ട്. കണ്ടത്തിൽ ആയിഷ കട്ട തട്ടുകയും സുകുമാരൻ വിതയ്ക്കുകയും ചെയ്യുന്നതിനിടെ കണ്ണിൽ വിത്തുകൊണ്ടുവെന്നു നടിച്ച് ആയിഷ കണ്ണും പൊത്തി നിൽക്കുകയും സുകുമാരൻ അവളുടെ കൈപിടിച്ചുമാററി കണ്ണു തുറന്ന് ഊതിക്കൊടുക്കുകയും ചെയ്യുന്നു. 'ആളുകളുടെ കണ്ണിലേക്കാ നിങ്ങളുടെ വെതക്കല്', എന്നു ആയിഷ ചോദിക്കുന്നു. പിന്നീടതു പ്രണയമായി വളരവെ അവൾ മണ്ണും അയാൾ വിത്തെറിയുന്ന കർഷകനുമാവുകയെന്ന ബിംബനിർമിതിയിൽ ഒരൗചിത്യമുണ്ട്.

കഥാപാത്രങ്ങളെ കരുപിടിപ്പിക്കുന്നതിലുമുണ്ട് ഈ കൈമിടുക്ക്. അവരെല്ലാം സ്വയം സാഹചര്യങ്ങൾക്കനുസരിച്ച് മാറുകയും വളരുകയുമാണ്. അതിനാവശ്യമായത്ര ശക്തിയുള്ള സന്ദർഭങ്ങൾ സൃഷ്ടിക്കാൻ നാടകകൃത്തിനു കഴിഞ്ഞു. കഥാപാത്രങ്ങളിൽ കൂടുതൽ ഓജസ്സും കരുത്തും ഉള്ളത് അബൂബക്കറിനാണ്. വിശാലഹൃദയനും മനുഷ്യസ്നേഹിയുമായ വള്ളുവനാടൻ മാപ്പിളത്തനിമയുള്ള അബൂബക്കർ ജീവിതാനുഭവങ്ങളിൽ നിന്നു നേടിയ പാഠങ്ങളാൽ നയിക്കപ്പെടുന്നവനാണ്. വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ ജീവിതത്തിലെടുക്കാൻ അയാൾക്ക് കരുത്തു നൽകിയിരിക്കുന്നു. അതു തെററിക്കാൻ സ്വന്തം മകനെപ്പോലും അനുവദിക്കാൻ അയാൾ തയാറല്ല. ഒരു നാൾ നാടുവിട്ടുപോയി, പിന്നീടു മതമൗലികവാദികളുടെ പിണിയാളായി എത്തുന്ന ബാപ്പു, ഉപ്പയും ഉമ്മയും, പെങ്ങളും ഹിന്ദു കുടുംബത്തിലാണെന്നറിഞ്ഞു കോപാകുലനാകുന്നു. പ്രതികാരത്തിനായി ബാപ്പു നടക്കുകയാണെന്ന് അബൂബക്കർ അറിഞ്ഞു. അയാളുടെ പ്രതികരണം ഇതായിരുന്നു.

"എന്നാ ഓനോട് പറഞ്ഞീക്ക് ഓൻ ഇസ്ലാമിലേക്ക് ബന്നത് എന്റെ മോനായിട്ടാണെന്ന്. അറിയാൻ ഉള്ളത് അറിഞ്ഞിട്ടാണ് ഒരിസ്ലാം പ്രവൃത്തിക്കാന്നും. പിന്നെ വെള കൊയ്യുന്നും കേട്ടു. ഓൻ വെതക്കാൻ പോണ വെള കൊയ്യാൻ തന്നെ ഓന് കെൽപില്ല. മററുള്ളോര് വെതച്ചത് വെതച്ചോര് തന്നെ കൊയ്യുള്ളൂന്നും പറഞ്ഞേക്ക്."

ഇങ്ങനെ കഥാപാത്രങ്ങൾ സ്വാഭാവികമായി വളർന്നു വരികയാണ്. നാടകകൃത്തിന് പ്രത്യേകിച്ച് പക്ഷപാതങ്ങളൊന്നുമില്ല എന്നർഥം. ഇങ്ങനെ ഒട്ടേറെ പ്രത്യേകതകൾ എണ്ണിയെണ്ണി പറയാനുണ്ട് ഈ നാടകകൃതിയെക്കുറിച്ച്. ഒരു നാടൻ പാട്ടിന്റെ വ്യാമുഗ്ധമനോഹരമായ ലാളിത്യവും സൗന്ദര്യവും കൂട്ടുകൃഷിക്കുണ്ടെന്ന് നാടകാചാര്യനായ ജി. ശങ്കരപ്പിള്ള എഴുതുകയുണ്ടായി. അതെ, കഴിഞ്ഞ തലമുറയിൽ നാടകമെഴുതി വിജയിച്ച കവിയെന്ന സ്ഥാനം ഇടശ്ശേരിക്കു ലഭിക്കുവാൻ ഈയൊരു കൃതി മതി.

കലാഗണനാക്രമത്തിൽ ആദ്യമെഴുതിയ നാടകം 'നൂലാമാല' (1947) ആണ്. പിന്നീട് 'കൂട്ടുകൃഷി'. തുടർന്നെഴുതിയവ സമാഹരിച്ചു. പ്രസിദ്ധപ്പെടുത്തിയ കണക്കനുസരിച്ച് 'കളിയും ചിരിയും' (1954) 'എണ്ണിച്ചുട്ട അപ്പം' (1957) 'ചാലിയത്തി' (1960) 'ഞെടിയിൽ പടരാത്ത മുല്ല' (1963) എന്നതാണ് ക്രമം. മഹാഭാരതത്തിൽനിന്നു പ്രമേയം സ്വീകരിച്ച് 'ഘടോൽകചൻ', 'ജരാസന്ധന്റെ പുത്രി' എന്നീ രണ്ടു റേഡിയോ നാടകങ്ങളും ഇടശ്ശേരി രചിച്ചിട്ടുണ്ട്.

കൂട്ടുകൃഷിയുടെ പ്രമേയ പരിചരണത്തിലെ ഏകാഗ്രതയോ ടെക്സ്റ്റിലെ ഇഴയടുപ്പമോ മറ്റു നാടകങ്ങൾക്ക് അവകാശപ്പെടാനാവില്ല. വായനശാല, ക്ലബ്ബ് വാർഷികങ്ങൾ എന്നിവയ്ക്കും മറ്റും അപ്പോഴത്തെ ആവശ്യം കണക്കിലെടുത്തു രചിച്ചതാകണം മിക്ക നാടകങ്ങളും. ആ സദസ്സിനു പാകമാകുന്ന ഒരു സന്ദേശം നൽകണമെന്നല്ലാതെ, താനൊരു ലക്ഷണമൊത്ത നാടകരചനയിലാണെന്ന വേവലാതി അലട്ടിയിരിക്കണമെന്നില്ല. ആദ്യ നാടകമായ 'നൂലാമാല' തന്നെ ഒരുദാഹരണമാണ്. രോഹിണിയെ പ്രണയത്തിന്റെ നൂലാമാലയിൽനിന്ന് രക്ഷപ്പെടുത്തുന്ന സൗദാമിനി അമ്മയുടെ പ്രവൃത്തി നല്ലതുതന്നെ - പ്രണയം ഒരു നൂലാമാലയാണെങ്കിൽ പക്ഷേ സന്ദർഭങ്ങൾ ഒരുക്കുന്നതിൽ വിശ്വസനീയതയില്ല. കൂട്ടുകൃഷിക്കൊരു അനുബന്ധമെന്ന നിലയിൽ ചേർക്കാവുന്നതാണ് 'തിരിച്ചെത്തൽ' (1960). പാടത്തെ വെള്ളം തിരിക്കുന്നതിനെച്ചൊല്ലി രണ്ടു വീട്ടുകാർ തമ്മിലുള്ള കുടിപ്പകയും അവസാനം അവർ സമാധാനവാദികളായി ഒരുമിച്ചു കണ്ടത്തിലിറങ്ങുന്നതുമാണ് പ്രമേയം. അവരെ സമാധാനവാദികളാക്കുന്നതിന്റെ ഭാഗമായി ഭാസ്കരനെ സന്ന്യാസത്തിലേക്ക് തള്ളിവിടുന്നു. അതു സഹിക്കാം അവിടെ ചെല്ലുമ്പോൾ ആരുമായി വഴക്കിട്ടാണോ ഭാസ്കരൻ പിൻവലിഞ്ഞ് സന്ന്യാസത്തിനു മുതിർന്നത് ആ കേളുമേനോൻ സന്ന്യാസിവര്യനായി ഇരിക്കുന്ന കാഴ്ച തികച്ചും അവിശ്വസനീയമത്രെ! വിവേകപൂർവം ശാന്തിയോടെ അഹിംസാവാദികളായി കഴിയണം ജനങ്ങളെന്നു പറയാനുള്ള ബദ്ധപ്പാടുകൊണ്ട് ഒരു നാടകമെഴുതി

യെന്നതു സമാധാനിക്കുകയേ വേണ്ടൂ. സ്വന്തം കുടുംബത്തെ പട്ടിണിക്കിട്ടു മറ്റൊരു കുടുംബത്തിന്റെ പട്ടിണിമാററുന്ന ദീനാനുകമ്പ ഒരു തൊഴിലാളിയിൽ പ്രകടമാകുന്നതിന്റെ നല്ല ചിത്രീകരണമാണ് 'ഉരലും മദ്ദളവും'. തെറ്റിയെത്തിയ ഒരു കത്തു മൂലം ഭാര്യാഭർത്താക്കന്മാർ പരസ്പരം സംശയിക്കുകയും കലഹിക്കുകയും പിന്നീട് വസ്തുത മനസ്സിലാക്കി വിവാഹമെന്ന സ്വർഗത്തെക്കുറിച്ചു സന്ദേശം നൽകുകയും ചെയ്യുന്നു 'അയാൾക്കു തലവേദന, ആയമ്മയ്ക്കു പനി'. തൊഴിലാളി സ്ത്രീകളെ ചതിച്ച് ഗർഭിണികളാക്കി ഉപേക്ഷിക്കുന്ന മാന്യന്മാർക്കുള്ള താക്കീതാണ് 'പൊടി പൊടിച്ച സംബന്ധം'. സ്നേഹിതന്റെ വിവാഹാലോചനയുമായി ചെന്ന വേണുവിനോട്, തനിക്ക് അയാളെയാണ് ഇഷ്ടമെന്നു യുവതി പറയുന്നതിനെ തുടർന്നുള്ള പുകിലാണ് 'ബസ്സു തെറ്റി'യിൽ. പൊലീസ് പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ച കമ്മ്യൂണിസ്റ്റുകാരനായ ഗോപാലൻ നായർ, ഭാര്യയുമൊത്തു കളിക്കുന്ന നാടകമാണ് 'ഓമനേ, നീയെന്റെ സ്വത്താണ്'. വിലാസിനിയമ്മയുടെ സ്വത്തിനു വിലപറയാനെത്തിയ പുത്തൻ പണക്കാരനായ പെനാങ്കുകാരൻ, അവസാനം ഏകയായ വിലാസിനിയമ്മയെ വിവാഹം കഴിക്കാൻ തീരുമാനിക്കുന്നു. അതാണു 'നഷ്ടപരിഹാരം'. സാഹചര്യങ്ങളുടെ സമ്മർദത്തിൽ താൻ ജന്മം കൊടുത്ത മകളെ വാലിയക്കാരിയായി വളർത്തേണ്ടിവന്ന കല്യാണിയമ്മ, ഭർത്താവിന്റെ മരണശേഷം ആ സത്യം മക്കളെ അറിയിക്കുന്നു. കുടുംബാംഗങ്ങൾ ഈ യാഥാർഥ്യവുമായി പൊരുത്തപ്പെട്ടു വരുമ്പോഴാണ് ആ മകൾ, വീട്ടുവേലക്കാരനുമായി പ്രണയത്തിലാണെന്നറിയുന്നത്. മനസ്സില്ലാമനസ്സോടെ അവർക്ക് ആ ബന്ധത്തിനു സമ്മതിക്കേണ്ടിവരുന്നു. വാലിയക്കാരി കാർത്ത്യായനിയാണ് 'ഞെടിയിൽ പടരാത്ത മുല്ല'യിലെ മുല്ല. ഇക്കൂട്ടത്തിൽ, ശ്രദ്ധേയങ്ങളായ രണ്ടു നാടകങ്ങളാണ് 'ചാലിയത്തി'യും 'രണ്ടും ഒന്നു തന്നെ'യും. നാടകീയ സംഭവങ്ങളുടെ യുക്തിപൂർവമായ കയറ്റത്തിലൂടെ മുന്നേറുന്ന രണ്ടാമത്തെ നാടകം സരസപൂർണവുമാണ്. അമ്പലപ്പുഴ കൃഷ്ണനും ഗുരുവായൂർ കൃഷ്ണനും ഒന്നു തന്നെ. തെക്കനും വടക്കനും ഒന്നു തന്നെ. തിരുവിതാംകൂറും മലബാറും ഒന്നു തന്നെ. നാടകസന്ദേശം ഈ ഐക്യവിളംബരമാണ്. ഇടശ്ശേരിയുടെ പാത്രസൃഷ്ടികളിൽ ശക്തനായ ഒരാളാണ് 'ചാലിയത്തി'യിലെ കരുണാകരൻ നായർ. ശുഭാപ്തിവിശ്വാസിയും ധീരനുമായ കരുണാകരൻ നായർ അധ്വാനത്തിന്റെ മഹിമയെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നയാളാണ്. സ്ത്രീധനം ചോദിച്ച വിവാഹബന്ധത്തെ നിരസിക്കുന്ന മകളെ അയാളഭിനന്ദിക്കുന്നു. ചക്കാട്ടുന്ന പ്രവൃത്തിയിലേർപ്പെട്ട ഒരു യുവാവിനെ വിവാഹം ചെയ്യാനുള്ള അവളുടെ നിശ്ചയത്തെ അംഗീകരിക്കുന്നു. കേരളത്തിന്റെ സമകാലികാവസ്ഥയിൽ ഇന്നും പ്രസക്തമായ ഒരു നാടകമാണിത്. ഏതെങ്കിലും അമേച്ചർ നാടകസംഘങ്ങൾക്ക് കാലത്തിനനുസരിച്ചു ചില മാറ്റങ്ങൾ വരുത്തി ഈ നാടകങ്ങൾ അരങ്ങിലെത്തിക്കാൻ ശ്രമിക്കാവുന്നതാണ്.

ഗ്രന്ഥാലോകം – ജൂലായ് 2004